# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3847 — 21.06.2018-ലെ മറുപടിയ്ക്ക്

## ഗ്രന്ഥശാലകളോടനുബന്ധിച്ചുള്ള സ്പോർട്സ് ക്ലബ്ബുകൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മറ്റ് സ്പോർട്സ് ക്ലബ്ബുകൾക്ക് നൽകുന്നത് പോലെ സംസ്ഥാന ലൈബ്രറി കൗൺസിൽ അഫിലിയേഷനുള്ള ഗ്രന്ഥ ശാലകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്കും പ്രവർത്തന സഹായങ്ങളും ഉപകരണങ്ങളും നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) | കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് കായിക വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. ധനസഹായം അനുവദിക്കുന്നത് ക്ലബ്ബുകളുടെ അഫിലിയേഷന്റെ അടിസ്ഥാനത്തിലല്ല. കായിക അസ്സോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, നെഹ്റു യുവ കേന്ദ്ര എന്നിവയിലേതിലെങ്കിലും അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകൾക്ക് മുൻഗണന നൽകുന്നുണ്ട്. കായിക വികസനവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബുകൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ബജറ്റ് വിഹിതത്തിന് ആനുപാതികമായാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. |
| (ബി) | സ്പോർട്സ് വകുപ്പിന്, ഗ്രന്ഥശാലകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിൽ വ്യവസ്ഥകളുണ്ടോ; | | |
| (സി) | ഗ്രന്ഥശാലകളോട് അനുബന്ധിച്ച് പുതിയ സ്പോർട്സ് ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് ആനുകൂല്യങ്ങൾ കിട്ടുന്നതിനും സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | ക്ലബ്ബുകളും സന്നദ്ധ സംഘടനകളും ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ തലേവർഷം വരെ പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. കൂടാതെ കായിക ഇനങ്ങളുമായി ബന്ധപ്പെട്ട ഒരു പരിപാടിയെങ്കിലും തലേവർഷം നടത്തിയിരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. വ്യക്തമായ എസ്റ്റിമേറ്റുകൾ സഹിതമാണ് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**